**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4291** **06-03-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബി കരാറുകാർക്ക് നൽകാനുള്ള കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിക്കുവേണ്ടി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ കരാറുകാർക്ക് തുക അനുവദിച്ച് നൽകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ; | (എ) | കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട് കരാറുകാർ ബില്ലുകൾ തയാറാക്കി സമർപ്പിക്കുന്നത് പദ്ധതിയുടെ എഗ്രിമെന്റ് അതോറിറ്റി കൂടിയായ അതാത് എസ്.പി.വി കൾക്കാണ്. പ്രസ്തുത ബില്ലുകൾ എസ്.പി.വി.കൾ വിശദമായി പരിശോധിച്ചതിന് ശേഷം പണം അനുവദിച്ചു കൊണ്ടുള്ള നടപടിക്രമത്തോടൊപ്പമാണ് കിഫ്ബിയിൽ സമർപ്പിക്കുന്നത്. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന ബില്ലുകളുടെ ഓരോ ദിവസത്തെയും സ്ഥിതി കിഫ്ബി സി.ഇ.ഒ തലത്തിൽ വിശകലനം ചെയ്യുകയും അവയിന്മേൽ സമയ ബന്ധിതമായി പണം നൽകുകയും ചെയ്തു വരുന്നുണ്ട്. കിഫ്ബി വഴി നിർമാണം പൂർത്തീകരിച്ചതിന് ശേഷവും കരാറുകാർക്ക് പണം ലഭിക്കുന്നില്ലെന്ന ആക്ഷേപം കരാറുകാർ ഉന്നയിക്കുന്നതായി കിഫ്ബിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത് വിശദമായി പരിശോധിച്ചതിൽ നിന്നും പദ്ധതികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലുകളിലും, കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗം നൽകുന്ന ഒബ്സെർവേഷൻ മെമ്മോകളിലും അതാത് പദ്ധതി നിർവഹണ ഏജൻസികൾ സമയബന്ധിതമായി നടപടികൾ എടുക്കാത്തതിനാൽ ചില കാലതാമസങ്ങളുണ്ടായതായി കണ്ടെത്തുകയും, ഇത് പരിഹരിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ പദ്ധതി നിർവഹണ ഏജൻസികൾക്ക് നൽകുകയും, അതനുസരിച്ച് കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ സമയബന്ധിതമായി പണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |
| (ബി) | കരാറുകാർക്ക് കുടിശിക വരുത്തിയത് കിഫ്ബി പദ്ധതികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; | (ബി) | കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട് കരാറുകാർ ബില്ലുകൾ തയാറാക്കി സമർപ്പിക്കുന്നത് പദ്ധതിയുടെ എഗ്രിമെന്റ് അതോറിറ്റി കൂടിയായ അതാത് |

| | | | |
|---|---|---|---|
| | | | എസ്.പി.വി കൾക്കാണ്. പ്രസ്തുത ബില്ലുകൾ എസ്.പി.വി.കൾ വിശദമായി പരിശോധിച്ചതിന് ശേഷം പണം അനുവദിച്ചു കൊണ്ടുള്ള നടപടിക്രമത്തോടൊപ്പമാണ് കിഫ്ബിയിൽ സമർപ്പിക്കുന്നത്. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന ബില്ലുകളുടെ ഓരോ ദിവസത്തെയും സ്ഥിതി കിഫ്ബി സി.ഇ.ഒ തലത്തിൽ വിശകലനം ചെയ്യുകയും അവയിന്മേൽ സമയ ബന്ധിതമായി പണം നൽകുകയും ചെയ്തു വരുന്നുണ്ട്. കിഫ്ബി വഴി നിർമാണം പൂർത്തീകരിച്ചതിന് ശേഷവും കരാറുകാർക്ക് പണം ലഭിക്കുന്നില്ലെന്ന ആക്ഷേപം കരാറുകാർ ഉന്നയിക്കുന്നതായി കിഫ്ബിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത് വിശദമായി പരിശോധിച്ചതിൽ നിന്നും പദ്ധതികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലുകളിലും, കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗം നൽകുന്ന ഒബ്സെർവേഷൻ മെമ്മോകളിലും അതാത് പദ്ധതി നിർവഹണ ഏജൻസികൾ സമയബന്ധിതമായി നടപടികൾ എടുക്കാത്തതിനാൽ ചില കാലതാമസങ്ങളുണ്ടായതായി കണ്ടെത്തുകയും, ഇത് പരിഹരിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ പദ്ധതി നിർവഹണ ഏജൻസികൾക്ക് നൽകുകയും, അതനുസരിച്ച് കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ സമയബന്ധിതമായി പണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |
| (സി) | കരാറുകാർക്ക് കുടിശിക തീർത്ത് നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട് കരാറുകാർ ബില്ലുകൾ തയാറാക്കി സമർപ്പിക്കുന്നത് പദ്ധതിയുടെ എഗ്രിമെന്റ് അതോറിറ്റി കൂടിയായ അതാത് എസ്.പി.വി കൾക്കാണ്. പ്രസ്തുത ബില്ലുകൾ എസ്.പി.വി.കൾ വിശദമായി പരിശോധിച്ചതിന് ശേഷം പണം അനുവദിച്ചു കൊണ്ടുള്ള നടപടിക്രമത്തോടൊപ്പമാണ് കിഫ്ബിയിൽ സമർപ്പിക്കുന്നത്. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന ബില്ലുകളുടെ ഓരോ ദിവസത്തെയും സ്ഥിതി കിഫ്ബി സി.ഇ.ഒ തലത്തിൽ വിശകലനം ചെയ്യുകയും അവയിന്മേൽ സമയ ബന്ധിതമായി പണം നൽകുകയും ചെയ്തു വരുന്നുണ്ട്. കിഫ്ബി വഴി നിർമാണം പൂർത്തീകരിച്ചതിന് ശേഷവും കരാറുകാർക്ക് പണം ലഭിക്കുന്നില്ലെന്ന ആക്ഷേപം കരാറുകാർ ഉന്നയിക്കുന്നതായി കിഫ്ബിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത് വിശദമായി പരിശോധിച്ചതിൽ നിന്നും പദ്ധതികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലുകളിലും, കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗം നൽകുന്ന ഒബ്സെർവേഷൻ മെമ്മോകളിലും അതാത് പദ്ധതി നിർവഹണ ഏജൻസികൾ സമയബന്ധിതമായി നടപടികൾ |

| | | | |
|---|---|---|---|
| | | | എടുക്കാത്തതിനാൽ ചില കാലതാമസങ്ങളുണ്ടായതായി കണ്ടെത്തുകയും, ഇത് പരിഹരിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ പദ്ധതി നിർവഹണ ഏജൻസികൾക്ക് നൽകുകയും, അതനുസരിച്ച് കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ സമയബന്ധിതമായി പണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ